(ഡി) 9-7-2003-ലെ 381/2003/ധന. എന്ന സർക്കാർ ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയതായി തുടങ്ങിയ പ്ലാൻ പി.ഡി. അക്കൗണ്ടുകൾ മാർച്ച് 31-ന് ക്ലോസ് ചെയ്യേണ്ടതാണ് എന്ന് വ്യക്തമായ നിബന്ധനയുണ്ട്. അതനുസരിച്ചുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

(ഇ) മാർച്ച് 31-ന് മുമ്പ് പുതിയ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ ചെക്കുകൾ മാറുന്നതു സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി ട്രഷറിയിൽ നിന്നും മാറിയെടുക്കാവുന്നതാണ്. ധനകാര്യ വകുപ്പ് ഉടനെ ഇറക്കുന്ന ഉത്തരവിൽ ഈ ചെക്കുകൾ മാറുന്നതിന് ആവശ്യമായ ഒഴിവ് അനുവദിക്കുന്നതാണ്.

വികേന്ദ്രീകരണാസൂത്രണ പദ്ധതി പ്രവർത്തനത്തിൽ നടന്ന ക്രമക്കേട്

96 [1673] ശ്രീ. യു. സി. രാമൻ:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, ടി. പി. എം. സാഹിർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകരണാസൂത്രണ പദ്ധതി പ്രവർത്തനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2001 മാർച്ച് വരെ നടത്തിയ എന്തെങ്കിലും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയാണ് ക്രമക്കേടിൽ കണ്ടെത്തിയത്;

(സി) ഈ പണം തിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടിയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലോക്കൽ ഫണ്ട് ആഡിറ്റിന്റെ കണക്കുപ്രകാരം ക്രമക്കേടുകളിൽ കണ്ടെത്തിയ തുക ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകൾ	..	340.07 ലക്ഷം രൂപ
ബ്ലോക്ക് പഞ്ചായത്തുകൾ	..	75.04 ലക്ഷം രൂപ
ജില്ലാ പഞ്ചായത്തുകൾ	..	2.60 ലക്ഷം രൂപ
മുനിസിപ്പാലിറ്റികൾ	..	326.641 ലക്ഷം രൂപ
കോർപ്പറേഷനുകൾ	..	94.95 ലക്ഷം രൂപ

(സി) സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റ് സെക്ഷൻ 16 റൂൾ 20 പ്രകാരം ചാർജ്/സർചാർജ് നടപടിക്ക് പുറമെ പല കേസുകളിലും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനുള്ള മാനദണ്ഡം

97 [1674] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വികസന പദ്ധതി പ്രകാരം പഞ്ചായത്തുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡം വെളിപ്പെടുത്താമോ;

(ബി) നിലവിൽ എസ്റ്റിമേറ്റ് തുകയ്ക്കതന്നെ വർക്ക് ടെണ്ടർ ചെയ്യുന്നതു മൂലം പഞ്ചായത്തുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മിക്കതും നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പൊതുമരാമത്ത് വകുപ്പിൽ വർക്ക് ടെണ്ടറുകൾക്ക് നൽകുന്ന എസ്റ്റിമേറ്റ് എക്സസ് കേരള വികസന പദ്ധതിക്കും ബാധകമാക്കാൻ സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അദ്ധ്യാപക രക്ഷാകർത്തൃസമിതികൾ നേരിട്ട് ചെയ്യുന്ന സ്കൂൾ/അംഗൻവാടി കെട്ടിടനിർമ്മാണം ഒഴികെയുള്ള മറ്റ് എല്ലാ കെട്ടിടനിർമ്മാണ പ്രവൃത്തികളും ടാറിംഗ് ഉൾപ്പെടുന്ന എല്ലാ റോഡുപണികളും ടെണ്ടർ ചെയ്യേണ്ടതാണ്. 25,00 രൂപയിൽ കുറവ് അടങ്കലുള്ളതും 75% എങ്കിലും മൺവേലയുള്ളതുമായ നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാവുന്നതാണ്. ഗുണഭോക്തൃവിഹിതം നിർബന്ധമായ ജലസേചനം, കുടിവെള്ള വിതരണം മുതലായ പ്രവൃത്തികളുടെ അടങ്കൽ 25,000 രൂപയിൽ അധികമാണെങ്കിലും പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്.

(ബി) കെട്ടിടങ്ങൾ, പാലങ്ങൾ, ജലവിതരണ പ്രോജക്ടുകൾ എന്നിവയൊഴികെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മറ്റ് എല്ലാ നിർമ്മാണ പ്രവൃത്തികളും എസ്റ്റിമേറ്റ് തുകയ്ക്ക് ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

(സി) 1999-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പാലങ്ങൾ, കെട്ടിടങ്ങൾ, ജലവിതരണ പ്രോജക്ടുകൾ എന്നിവയ്ക്ക് എസ്റ്റിമേറ്റിനേക്കാൾ 7.5% ടെണ്ടർ എക്സസ് കെട്ടിടങ്ങൾക്കും പാലങ്ങൾക്കും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly